**ശ്രീവിഷ്ണുപുരാണം, പഞ്ചമഅംശം, ഇരുപത്തിഒൻപതാമദ്ധ്യായം**
**വിവർത്തനം: ഡി. ശ്രീമാൻ നമ്പൂതിരി**

ശ്രീപരാശരൻ പറഞ്ഞു:- ഹേ മൈത്രേയ; ഒരു ഘട്ടത്തിൽ ശ്രീഭഗവാൻ ദ്വാരകയിലുള്ളപ്പോൾ ത്രിഭുവനപതിയായ ഇന്ദ്രൻ തന്റെ മദിച്ച ഗജരാജനായ ഐരാവതത്തിലേറി അദ്ദേഹത്തിന്റെ അടുത്തെത്തി. ദ്വാരകയിലെത്തി അദ്ദേഹം ഭഗവാനെ കാണുകയും നരകാസുരന്റെ അത്യാചാരങ്ങളെപ്പറ്റി വർണ്ണിച്ചു പറയുകയും ചെയ്തു. ''ഹേ മധുസൂദന, ഈ ഘട്ടത്തിൽ മനുഷ്യരൂപത്തിൽ നിലകൊണ്ട അങ്ങ് സമ്പൂർണ്ണദേവന്മാരുടെയും നാഥനാണ്; ഞങ്ങളുടെ സകലദുഃഖങ്ങളും ശമിപ്പിക്കുകയും ചെയ്തു. സർവദാ തപസ്വികളെ ക്ലേശിപ്പിച്ചുകൊണ്ടിരുന്ന അരിഷ്ടൻ ധേനുകൻ കേശി തുടങ്ങിയ അസുരന്മാരെയെല്ലാം അങ്ങ് കൊന്നൊടുക്കി. കംസൻ, കുവലയാപീഢം, ബാലഘാതിനിയായ പൂതന ഇങ്ങനെ ലോകത്തിന് ഉപദ്രവം ചെയ്തുകൊണ്ടിരുന്നവരെയും അങ്ങു നശിപ്പിച്ചു. അങ്ങയുടെ ബാഹുഭണ്ഡത്തിന്റെ സത്തയാൽ ത്രിലോകം സുരക്ഷിതമായി തീർന്നിരിക്കുന്നതിനാൽ യാജകന്മാരാൽ നൽകപ്പെടുന്ന യജ്ഞഭാഗം ലഭിച്ച് ദേവഗണം തൃപ്തരാണ്. ഹേ ജനാർദന, ഇത്തവണ ഞാൻ വന്നതെന്തിനാണെന്നു മനസ്സിലാക്കി അതിനും ഒരു പ്രതിവിധി അങ്ങുണ്ടാക്കണം.

ഹേ ശത്രുദമന, പൃഥ്വിയുടെ പുത്രനായ ഈ നരകാസുരൻ പ്രാഗ്ജ്യോതിഷപുരത്തിലെ സ്വാമിയാണ്; ഇപ്പോൾ അവൻ സകലരെയും കൊല്ലുകയാണ്. ഹേ ജനാർദന, അയാൾ ദേവന്മാർ സിദ്ധന്മാർ അസുരന്മാർ രാജാക്കന്മാർ തുടങ്ങിയവരുടെയെല്ലാം കന്യകളെ ബലാൽ പിടിച്ചുകൊണ്ടുവന്ന് അന്തഃപുരത്തിൽ ബന്ധിച്ചിരിക്കുന്നു. ഈ ദൈത്യൻ വരുണന്റെ ജലം വർഷിക്കുന്ന ഛത്രവും മന്ദരാചലത്തിലെ മണിപർവതമെന്ന ശിഖരവും തട്ടിയെടുത്തിരിക്കുന്നു.

ഹേ കൃഷ്ണ, അവൻ എന്റെ അമ്മയായ അദിതിയുടെ അമൃതസ്രാവിയായ രണ്ടു ദിവ്യ കുണ്ഡലങ്ങളും തട്ടിയെടുത്തു. ഇപ്പോൾ ഐരാവതത്തെയും അപഹരിക്കാൻ ശ്രമിക്കുന്നു. ഹേ ഗോവിന്ദ, ഞാൻ അവന്റെ അനീതികൾ അങ്ങയെ പറഞ്ഞുകേൾപ്പിച്ചു. അതിനെല്ലാം ഒരു പരിഹാരം ഉണ്ടാകണം. അങ്ങതൊന്നു ചിന്തിക്കൂ.

ശ്രീപരാശരൻ പറഞ്ഞു:- ഇന്ദ്രന്റെ ഈ വാക്കുകൾ കേട്ട് ദേവകീ നന്ദനൻ പുഞ്ചിരിച്ചു. ഇന്ദ്രന്റെ കൈപിടിച്ച് തന്റെ ശ്രേഷ്ഠ സിംഹാസനത്തിൽനിന്നെഴുന്നേറ്റു. പിന്നെ സ്മരിച്ചതോടെ സമീപത്തിലെത്തിയ ആകാശഗാമിയായ ഗരുഡനിൽ സത്യഭാമയെ ഇരുത്തി സ്വയം കേറി പ്രാഗ്ജ്യോതിഷപുരത്തിലേക്കുപോയി. അനന്തരം ഇന്ദ്രനും ഐരാവതത്തിൽ കേറി ദേവലോകത്തിലേക്കു പോയി. ഭഗവാൻ ശ്രീകൃഷ്ണൻ സകല ദ്വാരകാവാസികളും നോക്കിക്കൊണ്ടിരിക്കെ നരകാസുരനെ കൊല്ലുന്നതിനയി യാത്രതിരിച്ചു. ഹേ ദ്വിജോത്തമ, പ്രാഗ്ജ്യോതിഷപുരത്തിന്റെ നാലു ഭാഗത്തും നൂറു യോജനവരെയുള്ള ഭൂമി കത്തിയുടെ വായ്ത്തലപോലെ മൂർച്ചയുള്ള അതിതീക്ഷ്ണമായ പാശംകൊണ്ട് വലയംചെയ്യപ്പെട്ടതായിരുന്നു. ഭഗവാൻ ആ പാശങ്ങളെ സുദർശനചക്രമെറിഞ്ഞ് മുറിച്ചു; പിന്നെ മുരനെന്ന ദൈത്യൻ യുദ്ധത്തിനെത്തി. ശ്രീകേശവൻ അവനെയും കൊന്നു. പിന്നീട് ശ്രീഹരി മുരനോടൊപ്പം അവന്റെ ആയിരം പുത്രന്മാരെയും തന്റെ ചക്രത്തിന്റെ ധാരാരൂപിയായ അഗ്നിയാൽ ഈയലുകളെപ്പോലെ ഭസ്മമാക്കി. ഹേ ദ്വിജ, ഇപ്രകാരം ബുദ്ധിമാനായ ശ്രീഹരി മുരൻ ഹയഗ്രീവൻ പഞ്ചജനൻ തുടങ്ങിയ ദൈത്യന്മാരെ കൊന്ന് അതിവേഗംതന്നെ പ്രാഗ്ജ്യോതിഷപുരത്തിൽ പ്രവേശിച്ചു. അവിടെയെത്തി ഭഗവാൻ ഏറെ സൈന്യങ്ങളുള്ള നരകാസുരനുമായി യുദ്ധംചെയ്തു. യുദ്ധത്തിൽ അവന്റെ പക്ഷത്തുള്ള ആയിരം ദൈത്യന്മാരെ വധിച്ചു. ദൈത്യദളത്തെ തകർക്കുന്ന മഹാബലവാനായ ഭഗവാൻ ചക്രപാണി ശസ്ത്രങ്ങളുടെ വർഷം ചെയ്ത് ഭൂമിപുത്രനായ നരകാസുരനെ സുദർശനചക്രമെറിഞ്ഞ് രണ്ടു കഷണമാക്കി. നരകാസുരൻ മരിച്ചതോടെ പൃഥ്വി അദിതിയുടെ കുണ്ഡലങ്ങൾ എടുത്ത് അടുത്തെത്തി ശ്രീജഗന്നാഥനോടു പറഞ്ഞു.

പൃഥ്വി പറഞ്ഞു:- ഹേ നാഥ, വരാഹരൂപം ധരിച്ച് അങ്ങ് എന്നെ ഉദ്ധരിച്ചപ്പോൾ അങ്ങയുടെ സ്പർശത്താൽ ആ പുത്രനുണ്ടായി. ആ നിലയിൽ അങ്ങാണ് എനിക്ക് ആ പുത്രനെ തന്നത്. അങ്ങുതന്നെ അവനെ ഇല്ലാതാക്കി. ഈ കുണ്ഡലം എടുത്തുകൊള്ളൂ. അവന്റെ സന്താനങ്ങളെ രക്ഷിക്കുക. ഹേ പ്രഭോ, എന്നിൽ പ്രസന്നനായി എന്റെ ഭാരം ഒഴിവാക്കുന്നതിനായി തന്റെ അംശത്താൽ അങ്ങു ജനിച്ചു. ഹേ അച്യുത, ഈ ജഗത്തിന്റെ കർത്താവും വികർത്താവും ഹർത്താവും അങ്ങുതന്നെയാണ്. അങ്ങുതന്നെ ഇവന്റെ ഉൽപത്തിസ്ഥാനം. അങ്ങുതന്നെ ജഗത്രൂപം. ആ നിലയിൽ ഞങ്ങൾ എങ്ങനെ അങ്ങയെ സ്തുതിക്കണം. ഹേ ഭഗവൻ, വ്യാപ്തി, വ്യാപ്യം, ക്രിയ, കർത്താവ്, കാര്യം ഒക്കെ അങ്ങുതന്നെ. ആ നിലയിൽ എങ്ങനെയാണാവോ അങ്ങയെ സ്തുതിക്കുക? ഹേ നാഥ, അങ്ങുതന്നെ പരമാത്മാവ്, അങ്ങുതന്നെ ഭൂതാത്മാവ്, അങ്ങുതന്നെ അവ്യയനായ ജീവാത്മാവ്. എന്തിനെ മുൻനിർത്തിയാണ് അങ്ങയെ ആ നിലയിൽ സ്തുതിക്കുക? ഹേ സർവഭൂതാത്മൻ, അങ്ങു പ്രസന്നനാകുക, നരകാസുരന്റെ അപരാധങ്ങളെല്ലാം ക്ഷമിച്ചാലും. തന്റെ പുത്രനെ നിർദ്ദോഷനാക്കുന്നതിനുതന്നെയാണ് അങ്ങ് സദയം അവനെ കൊന്നത്.

ശ്രീപരാശരൻ പറഞ്ഞു:- ഹേ മുനിശ്രേഷ്ഠ, അനന്തരം ഭഗവാൻ ഭൂതഭാവനൻ പൃഥ്വിയോടു പറഞ്ഞു:- ''നിന്റെ ആഗ്രഹം പൂർണമാകട്ടെ''. പിന്നെ നരകാസുരന്റെ കൊട്ടാരത്തിൽനിന്ന് നാനാപ്രകാരത്തിലുള്ള രത്നങ്ങൾ എടുത്തു. ഹേ മഹാമുനേ, അതുലവിക്രമനായ ശ്രീഭഗവാൻ നരകാസുരന്റെ കന്യാന്തഃപുരത്തിലെത്തി പതിനാറായിരത്തി ഒരു നൂറു കന്യകകളെ കണ്ടു. നാലു കൊമ്പുള്ള ആറായിരം ഗജശ്രേഷ്ഠന്മാരെയും ഇരുപത്തിയൊന്നു ലക്ഷം കാംബോജദേശീയങ്ങളായ അശ്വങ്ങളെയും കണ്ടു. ആ കന്യകമാരെയും ആനകളെയും കുതിരകളെയും ശ്രീകൃഷ്ണൻ നരകാസുരന്റെ സേവകന്മാരാൽ വേഗംതന്നെ ദ്വാരകാപുരിയിൽ കൊണ്ടെത്തിച്ചു. അനന്തരം ഭഗവാൻ വരുണന്റെ ഛത്രത്തെയും മണിപർവതത്തെയും കണ്ടു. അവയും എടുത്ത് അദ്ദേഹം പക്ഷിരാജനായ ഗരുഡന്റെ പുറത്തുവെച്ചു. പിന്നെ സത്യഭാമയുമൊത്ത് സ്വയം അതിൽ കേറി അദിതിയുടെ കുണ്ഡലം നൽകുന്നതിനായി സ്വർഗലോകത്തിലേക്കു പോയി.